"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മാലതി.പിയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് കാസറഗോഡ് കൃഷ്ണാ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.98/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/01/2021

പരാമർശം:- 1 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.

2 ശ്രീമതി.മാലതി.പിയുടെ 07.12.2018 ലെ അപേക്ഷയും ബില്ലുകളും.

3 പഞ്ചായത്ത് ഡയറക്ടറുടെ 12.06.2019,30.10.2020 എന്നീ തീയതികളിലെ PAN/3028/2019-F2(DP)നമ്പർ കത്തുകൾ.

4 മധൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.11.2018-ലെ 12/2018(2)-ാം നമ്പർ തീരുമാനം.

5 ആരോഗ്യവകുപ്പ് ഡയറക്ടറുടെ 07.08.2020 ലെ (എൽ.ഡിസ്)എം.ആർ.6/10512/ 2020/ ആ.വ.ഡ നം.കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മാലതി.പിയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് കാസറഗോഡ് കൃഷ്ണാ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 65,788/- രൂപയുടെ 80% ശതമാനമായ 52,630/- രൂപ (അൻപത്തി രണ്ടായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക മധൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മാലതി.പിയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് കാസറഗോഡ് കൃഷ്ണാ ആശുപത്രിയിൽ ചികിത്സ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 22.09.2018 മുതൽ 22.11.2018 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ

തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 65,788/- രൂപയുടെ 80% ശതമാനമായ 52,630/- രൂപ /-(അൻപത്തി രണ്ടായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ മധൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

------

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, മധൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.മാലതി.പി,സീനിയർ ക്ലാർക്ക്, മധൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് . (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ആരോഗ്യ വകുപ്പ്( 17.12.2019-ലെ G2/1485/2019//H&FWD നം. കുറിപ്പ് പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No. 112/EPA3/2019/LSGD).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ